(ബി) വനം വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത പരിശോധനയിലൂടെ ഓരോ വനം ഡിവിഷനിലും ഇപ്രകാരമുള്ള റോഡുകൾ കണ്ടെത്തി അവയുടെ മെയിന്റനൻസിന് സ്ഥിരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത പരിശോധനയിലൂടെ ഓരോ വനപ്രദേശത്തുകൂടിയും കടന്നുപോകുന്ന തദ്ദേശസ്ഥാപനങ്ങളുടെ റോഡുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുന്നത് പരിഗണിക്കാവുന്നതാണ്. 1980-നുമ്പ് നിലവിലുള്ളതും ഭാഗികമായി വനഭൂമിയിലൂടെ കടന്നുപോകുന്നതുമായ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അപേക്ഷ നൽകുന്നപക്ഷം ആയത് നിയമാനുസൃതമാണെങ്കിൽ അനുമതി നൽകിവരുന്നുണ്ട്. ഭാഗികമായി വനഭൂമിയിലൂടെ കടന്നുപോകുന്നതും 1980-നുമ്പ് നിലവിലില്ലാത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രസർക്കാരിന്റെ പരിവേഷ് പോർട്ടൽ വഴി യൂസർ ഏജൻസി 1980-ലെ വനസംരക്ഷണ നിയമപ്രകാരം അനുമതിക്കായി അപേക്ഷിക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ നിയന്ത്രണത്തിലും ഉടമസ്ഥതയിലുമുള്ള റോഡുകൾക്ക് മെയിന്റനൻസ് നടത്തുന്നതിന് മറ്റ് വകുപ്പുകൾക്ക് അനുമതി നൽകാൻ നിയമം അനുവദിക്കുന്നില്ല.

## പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്റർ

122(5569) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്ററിന്റെ ഇപ്പോഴുള്ള അവസ്ഥ വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി റേഞ്ചിലെ പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്ററിന്റെ പ്രവർത്തനം കോവിഡ് മഹാമാരിമൂലം നിർത്തിവച്ചിരുന്നത് 5-8-2021 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കാലപ്പഴക്കംമൂലം ടി കേന്ദ്രത്തിലെ ചുറ്റുമതിലും മറ്റും നശിക്കാറായിട്ടുണ്ട്. അത് നന്നാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിൽ നിലവിൽ അഞ്ച് ഗൈഡുമാരും ഒരു സ്ഥിരം ജീവനക്കാരനുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയോടനുബന്ധിച്ചുള്ള കുട്ടികളുടെ പാർക്ക് ഇപ്പോൾ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ഡി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് 4406-01-800-91 ഇക്കോ ടൂറിസം (പ്ലാൻ) ബഡ്ജറ്റ് ശീർഷകത്തിൽ 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഇക്കോ ഷോപ്പ്, കഫറ്റീരിയ മുതലായവയുടെ നവീകരണം, ബയോ ടോയ്‌ലെറ്റ്, നിലവിലെ ടോയ്‌ലെറ്റുകളുടെ നവീകരണം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിശ്രമ മുറിയുടെ നവീകരണം, നക്ഷത്രവനം, ബട്ടർഫ്ലൈ പാർക്ക്, ഡിസ്‌പ്ലേ ബോർഡ് തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

**അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കരട് വിജ്ഞാപനം**

123(5570) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖല ഉൾപ്പെടുന്ന തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെ അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടേക്കാട് പക്ഷിസങ്കേതത്തിന് ചുറ്റും കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളിലെ സ്ഥലങ്ങൾ ഉൾപ്പെട്ട 1 കി.മീ. വീതിയിൽ ഇക്കോ സെൻസിറ്റീവ് സോണായി MoEF&CC (The Ministry of Environment, Forest and Climate Change) 2020 സെപ്റ്റംബർ 29-ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.

(ബി) ഈ പ്രദേശങ്ങളിലെ ജനവാസമേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള പുതിയ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly